പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1885 06.07.2015 ൽ മറുപടിയ്ക്ക്

## ട്രെയിനിൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ. ചന്ദ്രശേഖരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ട്രെയിനിൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | കഴിഞ്ഞ 3 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ നേരിയ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) | സ്ത്രീ സുരക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള നടപടികൾ ചുവടെ വിവരിക്കുന്നു<br>1) സ്ത്രീകൾ ഉൾപ്പെടെ ട്രെയിൻ യാത്രക്കാരെ സംഘടിപ്പിച്ച് " Women Safety Awareness Week" എന്ന പരിപാടി സംഘടിപ്പിച്ചും ജനമൈത്രി പരിപാടി ഊർജ്ജിതമാക്കിയും ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുലേഖകളും ചോദ്യാവലി ഫോമുകളും തയ്യാറാക്കി യാത്രക്കാർക്ക് വിതരണം ചെയ്ത് അഭിപ്രായ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ യാത്രക്കാരുമായി കൂടിക്കാഴ്ചകൾ നടത്തി സ്ത്രീകൾക്ക് എതിരെ ഉണ്ടാകുന്ന ആക്രമണങ്ങൾ മുൻകൂട്ടി തടഞ്ഞും സുരക്ഷ ശക്തിപ്പെടുത്തിയും നിരന്തരമായ നടപടികൾ കൈക്കൊണ്ടുവരുന്നു.<br>2) സ്ത്രീ യാത്രക്കാരെയും passengers Association ഭാരവാഹികളെയും റെയിൽവേ ജീവനക്കാരെയും പോർട്ടർമാരെയും മറ്റ് തൊഴിലാളികളെയും ഉൾപ്പെടുത്തി ജനമൈത്രി ഗ്രൂപ്പുകൾ രൂപീകരിച്ച് സ്ത്രീകൾക്ക് എതിരെ ഉണ്ടാകുന്ന ശല്യപ്പെടുത്തലുകളും ഉപദ്രവങ്ങളും ആക്രമണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഒരുക്കി നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടുവരുന്നു. |

3) "സുരക്ഷിതമായ ട്രെയിൻ യാത്ര സ്ത്രീകളുടെ അവകാശമാണ്. നിങ്ങളെ സംരക്ഷിക്കാൻ റെയിൽവേ പോലീസ് കൂടെയുണ്ട്" എന്ന സന്ദേശവുമായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളെ ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ബോധവൽക്കരണ പരിപാടികളും ലഘുലേഖ വിതരണം നടത്തിയിട്ടുള്ളതാണ്. "സിറ്റിസൺ ഹെൽപ്പ് ഡെസ്ക്" സ്ത്രീകളുടെ പരാതികൾക്ക് പ്രത്യേക പരിഗണന നൽകി തൽസമയ സഹായ നടപടികൾ കൈക്കൊണ്ടുവരുന്നു.

4) റെയിൽവേ സ്റ്റേഷനുകളിലും അനുബന്ധ പരിസരങ്ങളിലും പാസഞ്ചർ ട്രെയിൻ ഉൾപ്പെടെയുള്ള ട്രെയിനുകളിലും സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും വനിതാ പോലീസ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരെ പ്ലാറ്റ്ഫോമുകളിലും ട്രെയിനുകളിലും തിരക്കേറിയ ബീറ്റ് ഡ്യൂട്ടിക്കും പട്രോളിംഗ് ഡ്യൂട്ടിക്കും നിയോഗിച്ചും ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റുകളിൽ പ്രത്യേകം വനിതാ പോലീസുകാരെ നിയോഗിച്ചും വനിതാ കോച്ചുകൾക്ക് സമീപമുള്ള മറ്റ് കോച്ചുകളിൽ പ്രത്യേകം ഡ്യൂട്ടിക്കാരെ നിയോഗിച്ചും റെയിൽവേ സ്റ്റേഷനുകളിൽ ട്രെയിനുകൾ എത്തിച്ചേരുമ്പോൾ കമ്പാർട്ടുമെന്റുകൾക്ക് സമീപം എത്തി നിരീക്ഷിച്ചും അന്വേഷിച്ചും യാത്രക്കാർക്ക് വേണ്ട സഹായങ്ങൾ ചെയ്തു വരുന്നുണ്ട്.

5) സ്ത്രീകൾക്കെതിരെ ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റ് സംഗതികൾക്കും ഉടൻ ബന്ധപ്പെടുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ഒരു 'റെയിൽ അലേർട്ട് സിസ്റ്റം' നടപ്പിലാക്കിയിട്ടുള്ളതും ഏത് സമയത്തും (24 മണിക്കൂറും) "റെയിൽ അലേർട്ട് നമ്പർ 9846200100-ൽ ബന്ധപ്പെടാവുന്നതും അന്നേരം തന്നെ നടപടി സ്വീകരിക്കാവുന്നതുമാണ്. ടി നമ്പർ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ദൃശ്യമാധ്യമങ്ങളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

| | | | |
|---|---|---|---|
| | | | 6) റെയിൽവേ സ്റ്റേഷനുകളിലെ വിശ്രമ മുറികൾ വനിതാ പോലീസുകാരെക്കൊണ്ട് പ്രത്യേകം നിരീക്ഷിച്ചു വരുന്നു. സ്ത്രീകൾക്കു നേരെ നടക്കുന്ന കുറ്റകൃത്യങ്ങൾക്ക് ചുമത്താവുന്ന വകുപ്പുകൾ അങ്ങേയറ്റം ചുമത്തി എത്രയും വേഗത്തിൽ പ്രതികളെ അറസ്റ്റു ചെയ്ത് റിമാൻഡുചെയ്ത് ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കി ശിക്ഷ ലഭിക്കുന്നതിലേക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചു വരുന്നു |
| സി) | 2014 ജനുവരി മുതൽ ഇതുവരെ സ്ത്രീ യാത്രക്കാർക്ക നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത കേസുകളിൽ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | സി) | 2014 ജനുവരി മുതൽ സ്ത്രീ യാത്രക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് സംസ്ഥാന റെയിൽവേ പോലീസ് 139 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ 131 എണ്ണം ചാർജ് ചെയ്തിട്ടുള്ളതും 3 കേസുകൾ അന്വേഷണാവസ്ഥയിലും കേസുകൾ തെളിയിക്കപ്പെടാത്തതും ആണ്. ചാർജ് ചെയ്ത 131 കേസുകളിൽ 18 കേസുകൾ വെറുതെ വിട്ടിട്ടുള്ളതും, 110 കേസുകൾ കോടതിയിൽ വിചാരണയിലുമാണ്. |

സെക്ഷൻ ഓഫീസർ